# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 826 05.02.2020-ൽ മറുപടിക്ക്

## പഴയകാല സിനിമകളുടെ ഡിജിറ്റലൈസേഷൻ

**ചോദ്യം**
ശ്രീ.അനിൽ അക്കര

**മറുപടി**
ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പഴയകാല സിനിമകൾ ദൃശ്യവ്യക്തതയും ശബ്ദ വ്യക്തതയും നിലനിർത്തി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പഴയകാല സിനിമകൾ ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തിവരുന്നു. ഒരു സിനിമയ്ക്ക് ഉദ്ദേശം രണ്ടു ലക്ഷം രൂപയോളമാണ് ഡിജിറ്റൈസേഷന് ആവശ്യമായി വരുന്നത്. വമ്പിച്ച സാമ്പത്തിക ബാധ്യത വരുന്നതിനാൽ എല്ലാ പഴയ സിനിമകളും ഡിജിറ്റൈസ് ചെയ്യുക എന്നത് പ്രായോഗികമല്ല. എന്നാൽ ക്ലാസിക് ചിത്രങ്ങളും ചലച്ചിത്ര ചരിത്രത്തിലെ നാഴികക്കല്ലായ ചിത്രങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ബി) | ഇതിനായി ചൈനീസ് റെസ്റ്റേറേഷൻ കമ്മിറ്റിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | 24-ാമത് രാജ്യാന്തര ചലച്ചിത്രമേളയിൽ എത്തിയ ചൈനീസ് പ്രതിനിധി സംഘവുമായി റെസ്റ്റേറേഷൻ സംബന്ധിച്ച് ബന്ധപ്പെട്ടവർ ചർച്ച നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടില്ല. |
| (സി) | ഇതിനായുള്ള ഏതെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**